ഉത്തരം

(എ) ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് കാണിക്കുന്ന വാട്ടർ മീറ്ററുകൾ വാട്ടർ അതോറിറ്റി നൽകുന്ന വാട്ടർ കണക്ഷനുകളിൽ ഘടിപ്പിക്കാറുണ്ട്. ഇവ കാണിക്കുന്ന അളവ് അനുസരിച്ചാണ് നിലവിൽ വെള്ളക്കരം നിശ്ചയിക്കുന്നത്. ഈ വാട്ടർ മീറ്ററുകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ അവ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സമയങ്ങളിൽ എടുത്തിട്ടുള്ള അളവിന്റെ ശരാശരി കണക്കാക്കി വെള്ളക്കരം നിർണ്ണയിക്കുന്നു.

(ബി) ഇപ്പോഴുള്ള സമ്പ്രദായത്തിൽ മാറ്റങ്ങൾ വരുത്തി വെള്ളക്കരം ഈടാക്കുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്ന കാര്യം പഠന വിധേയമാണ്. വിശദാംശങ്ങൾക്ക് അന്തിമരൂപം കൈവന്നിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ&എഫ്) ഉദിക്കുന്നില്ല.

വെള്ളത്തിന് കുടിശ്ശിക ബില്ല് നൽകുന്ന നടപടി

91 (983) ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ഇ. എം. അഗസ്തി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ മീറ്റർ റീഡ് ചെയ്തശേഷം വെള്ളത്തിന്റെ ഉപഭോഗം എത്രയെന്ന് കാണിക്കുന്ന രേഖ ബന്ധപ്പെട്ട വീട്ടുകാർക്ക് കൊടുക്കാറുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ;

(സി) നല്ല കണ്ടീഷനിലുള്ള വാട്ടർ മീറ്ററുള്ള വീടുകളിൽ മുൻ റീഡിംഗുകളനുസരിച്ച് കൺസംപ്ഷൻ കുറവാണെങ്കിലും പിന്നീട് എന്നെങ്കിലും കൂടിയ റീഡിംഗ് വരുമ്പോൾ മുൻകാല പ്രാബല്യത്തോടുകൂടി വർദ്ധിച്ച കൺസംപ്ഷൻ കണക്കാക്കി കുടിശ്ശിക ബില്ല് നൽകുന്ന ഏർപ്പാട് വാട്ടർ അതോറിറ്റിയിൽ നിലവിലുണ്ടോ ;

(ഡി) ഇല്ലാത്തപക്ഷം കുടിശ്ശിക ബില്ലുകൾ വരുന്നതെപ്രകാരമെന്ന് വിശദീകരിക്കുമോ ;

(ഇ) ഈ വർഷം ഇതുവരെ തിരുവനന്തപുരം നഗരത്തിൽ എത്ര കുടിശ്ശിക ബില്ല് ഉപഭോക്താക്കൾക്ക് നൽകി ;

(എഫ്) ഈ ബില്ലുകളിലൂടെ ഡിമാൻഡ് ചെയ്ത തുക എത്രയാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വാട്ടർ കണക്ഷൻ കൊടുക്കുമ്പോൾ വെള്ളത്തിന്റെ ഉപയോഗത്തിന്റെ അളവ് കുറിക്കുന്നതിനുള്ള ഒരു കാർഡ് ഉപഭോക്താക്കളെ ഏൽപ്പിക്കുന്നുണ്ട്. മീറ്റർ റീഡിംഗ് എടുക്കുമ്പോഴൊക്കെ കുറിച്ചു കൊടുക്കാനുള്ള കാർഡ് ആണിത്. ഈ കാർഡ് നൽകുന്ന ഉപഭോക്താക്കളുടെ വീട്ടിലെ മീറ്റർ റീഡിംഗ് എടുക്കുന്നത് കുറിച്ച് കൊടുക്കാറുണ്ട്. ഈ കാർഡ് ലഭിക്കാതിരിക്കുന്ന അവസരങ്ങളിൽ റീഡിംഗ് കുറിച്ച് കൊടുക്കുവാൻ സാധിക്കുകയില്ല.

(സി) ഇല്ല.

(ഡി) പ്രവർത്തനരഹിതമായ മീറ്ററുകൾ ഉള്ള വീടുകളിലാണ് ഇത് സംഭവിക്കുന്നത്. പ്രവർത്തനരഹിതമായവ മാറ്റി പകരം പുതിയവ ഘടിപ്പിച്ച ശേഷം എടുക്കുന്ന രണ്ട് റീഡിംഗുകളനുസരിച്ചുള്ള ശരാശരി അളവ് മുൻകാലങ്ങളിലേതിനേക്കാൾ കൂടുതലാണെങ്കിൽ വർദ്ധിച്ച ഉപയോഗം അനുസരിച്ച് വെള്ളക്കരം കണക്കാക്കി കുടിശ്ശിക ബില്ല് നൽകാറുണ്ട്. എന്നാൽ വെള്ളത്തിന്റെ ഉപയോഗം മുൻകാലങ്ങളിലേതിനേക്കാൾ കുറവായി വന്നാൽ കുറവുള്ള കൺസംപ്ഷൻ അനുസരിച്ച് വെള്ളക്കരം കണക്കാക്കി കൂടുതലായി അടച്ച തുകയിൽ അഡ്ജസ്റ്റ് ചെയ്തു കൊടുക്കുകയും ചെയ്യും.

(ഇ) ഈ സാമ്പത്തിക വർഷം ഇതുവരെ 51364 ബില്ലുകൾ നൽകിയിട്ടുണ്ട്.

(എഫ്) ഈ ബില്ലുകളിലൂടെ 22,79,97,714 രൂപയാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്.

കുടിവെള്ളം വിതരണത്തിനായി സ്വീകരിച്ച നടപടികൾ

92 (984) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വേനൽക്കാലത്തുണ്ടാകാറുള്ള കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം വിതരണത്തിനായി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി ഈ വർഷം ഗവൺമെന്റിന് എന്തു ചെലവ് വേണ്ടി വരുമെന്ന് പറയാമോ ; ഇതിൻപ്രകാരം ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ജലക്ഷാമം അനുഭവപ്പെടുന്ന സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളവിതരണം നടത്താൻവേണ്ട തുടർ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാങ്കേതികമായി സാദ്ധ്യമാണെങ്കിൽ കുഴൽകിണർ കുഴിച്ചും വിതരണശൃംഖല നീട്ടിയും അഡീഷണൽ പമ്പിംഗ്

LIBRARY ARCHIVES Kerala Legislative Assembly